പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2096 — 23.03.2012-ൽ മറുപടിയ്ക്ക്

# സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി.

**ചോദ്യം**

ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എളമരം കരീം :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :

(എ) മുൻ സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി ഏതെല്ലാം ജില്ലകൾ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട് ;

(ബി) ബാക്കിയുള്ള ജില്ലകളിൽ കൂടി പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; ഈ പദ്ധതിക്ക് കേന്ദ്രഗവൺമെൻറ് സഹായം നൽകിയിരുന്നുവോ ;

(സി) എത്ര നിയമസഭാ മണ്ഡലങ്ങളിൽ കൂടി ഈ പദ്ധതി നടപ്പാക്കാൻ ബാക്കിയുണ്ട് ; ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) (ബി) & (സി) പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകൾ സമ്പൂർണ്ണ വൈദ്യുതീകൃത ജില്ലകളായി പ്രഖ്യാപിച്ചിരുന്നു. ഈ ജില്ലകളിലെ മണ്ഡലങ്ങളുൾപ്പെടെ 87 മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം നടന്നിട്ടുണ്ട്.

സംസ്ഥാനത്തിലെ മുഴുവൻ ജില്ലകളുടെയും സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിട്ടുകൊണ്ട് ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. വടക്കൻ കേരളത്തിലെ ആറു ജില്ലകളിൽ ഈ പദ്ധതിയനുസരിച്ചുള്ള പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. 2012 സെപ്റ്റംബർ മാസത്തോടു കൂടി ഈ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ആദ്യഘട്ട പദ്ധതി പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കുള്ള അനുമതി ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. തെക്കൻ കേരളത്തിലെ ജില്ലകളുടെ

| | |
|---|---|
| | വൈദ്യുതീകരണത്തിനായുള്ള ആർ. ജി. ജി. വി. വൈ പദ്ധതിക്ക് കേന്ദ്ര ഗവൺമെൻറിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതോടു കൂടി സമ്പൂർണ്ണ വൈദ്യുതീകരണം സാധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര ഗവൺമെൻറ് സഹായം ഈ പദ്ധതിക്ക് ലഭിക്കുന്നുണ്ട്. |
| (ഡി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ സർക്കാരിൻെറ കാലത്ത് എത്ര പുതിയ കണക്ഷനുകൾ നൽകിയിരുന്നു ; | (ഡി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ സർക്കാരിൻെറ കാലത്ത് 1,29,852 കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (ഇ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ പദ്ധതിയിൽ എത്ര പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ട് ? | (ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 6022 കണക്ഷനുകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.